## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 449. 16/05/2017-ൽ മറുപടിയ്ക്ക്.

## നാളികേര വികസന കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ്<br>,, റോഷി അഗസ്റ്റിൻ<br>,, സി.എഫ്. തോമസ്<br>" ഡോ. എൻ. ജയരാജ് | ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) നാളികേര കർഷകർക്ക് കൈത്താങ്ങായി രൂപീകരിച്ച നാളികേര വികസന കോർപ്പറേഷന്റെ പ്രവർത്തനം ഇപ്പോൾ നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) ഉണ്ട്. മാമത്ത് സ്ഥിതിചെയ്യുന്ന വിർജിൻ കോക്കനട്ട് പ്ലാന്റ് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ നീര ടെക്നീഷ്യൻമാർക്ക് പരിശീലനം നൽകുന്നതിനായി സർക്കാരിൽ നിന്നും കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന് 75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക വിനിയോഗിച്ച് വിവിധ നാളികേര ഉത്പാദന കമ്പനികൾക്ക് വേണ്ടി തൊഴിലാളികൾക്കുള്ള നീര പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ എറണാകുളം ജില്ലയിലെ ഇടപ്പള്ളിയിൽ കോർപ്പറേഷന്റെ സ്ഥലത്ത് അഗ്രോ സൂപ്പർ ബസാറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ഏലത്തൂരിൽ കിയോസ്കുകളുടെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടന്നുവരുന്നു. |
| (ബി) നാളികേര വികസന കോർപ്പറേഷന് പൂർണ്ണ ചുമതലയുള്ള ചെയർമാനേയും മാനേജിംഗ് ഡയറക്ടറേയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) 29/08/2016-ലെ സ.ഉ.(സാധാ) നം.732/2016/കൃഷി നമ്പർ ഉത്തരവ് പ്രകാരം ശ്രീ.ബിജുപ്രഭാകർ IAS-ന് കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല നൽകിയും, 21/12/2016-ലെ സ.ഉ.(സാധാ) നമ്പർ.1065/16/AD പ്രകാരം ശ്രീ.സി.എൻ.ചന്ദ്രനെ |

(തുടരും..........)

കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ ചെയർമാനായും നിയമിച്ച് ഉത്തരവായിട്ടുണ്ട്.

(സി) നാളികേര വികസന കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

(സി) ഉണ്ട്. നിലവിലുള്ള പ്രവർത്തനങ്ങൾക്ക് പുറമേ സംസ്ഥാനത്തെ നാളികേര ഉത്പാദന കമ്പനികൾ ഉത്പാദിപ്പിക്കുന്ന നീരയും മറ്റ് നാളികേരാധിഷ്ഠിത മൂല്യവർദ്ധന ഉല്പന്നങ്ങളും കേരള ഓർഗാനിക്-കേരജം ബ്രാന്റിൽ വെളിച്ചെണ്ണയും, സംസ്ഥാനത്തും പുറത്തും വിപണനം നടത്തുവാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി ഈ രംഗത്തെ വിപണിയിലെ പ്രമുഖരുമായി ഒരു സാങ്കേതിക കരാറിൽ ഏർപ്പെടുന്നതിനും ഉദ്ദേശിക്കുന്നുണ്ട്

ആറളം ഫാമിൽ ആദിവാസി കുടുംബങ്ങളുടെ സഹകരണത്തോടെ നീര, ശർക്കര, നീര വിനീഗർ മുതലായ ഉല്പന്നങ്ങൾ ഉണ്ടാക്കുവാൻ ആദിവാസി വിഭാഗത്തിൽപ്പെട്ടവരെ പരിശീലിപ്പിച്ച് അവരെക്കൊണ്ട് തന്നെ വിപണനം ചെയ്യിക്കുവാനുള്ള പദ്ധതിയുടെ പ്രാരംഭ ചർച്ചകൾ നടത്തിയിട്ടുള്ളതുമാണ്.

**സെക്ഷൻ ഓഫീസർ**